# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :4992 — 23/03/2018 ൽ മറുപടിയ്ക്ക്

### പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷത്തൈ വിതരണം

**ചോദ്യം**
ശ്രീ.എം.ഉമ്മർ

**ഉത്തരം**
അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് പരിസ്ഥിതി ദിനാചരണ ത്തിന്റെ ഭാഗമായി വൃക്ഷത്തൈക ൾ നട്ടുപിടിപ്പിക്കുന്ന പ്രവർത്തനം ഏതു വർഷം മുതലാണ് ആരംഭിച്ചത്; വിശദമാക്കാമോ. | എ | സാമൂഹ്യവനവത്ക്കരണ വിഭാഗം 2006-2007 വർഷം മുതൽ ആണ് പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വിപുലമായ രീതിയിൽ വൃക്ഷത്തൈ നടീൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി തൈകൾ ഉത്പാദിപ്പിച്ച് സ്കൂൾ-കോളേജ് വിദ്യാർത്ഥി കൾക്കും, മതസംഘടനകൾ, രാഷ്ട്രീയ-യുവജന പ്രസ്ഥാനങ്ങൾ, മാധ്യമങ്ങൾ, മറ്റിതര വകുപ്പുകൾ, സർക്കാരിതര സംഘടനകൾ എന്നിവർക്ക് വിതരണം നടത്തി അവർ മുഖേന നട്ടു പിടിപ്പിക്കുന്ന പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. |
| ബി | പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ എത്ര രൂപ ചിലവായിട്ടുണ്ട് വർഷം തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ ; | ബി | (see table below) |

| വർഷം | തുക (ലക്ഷം) |
|---|---|
| 2007-2008 | 37.54 |
| 2008-2009 | 50.79 |
| 2009-2010 | 64.21 |
| 2010-2011 | 458.52 |
| 2011-2012 | 677.92 |
| 2012-2013 | 783.98 |
| 2013-2014 | 856.11 |
| 2014-2015 | 918.47 |
| 2015-2016 | 803.77 |
| 2016-2017 | 949.35 |
| 2017-2018 | 830.31 |
| ആകെ | **6430.97** |

<table>
<tr>
<td>സി</td>
<td>ഓരോ വർഷവും വിതരണം ചെയ്ത വൃക്ഷത്തൈകൾ സംബന്ധിച്ച വിശദ വിവരം നൽകാമോ;</td>
<td>സി</td>
<td>
<table>
<tr><th>വർഷം</th><th>തൈകളുടെഎണ്ണം (ലക്ഷത്തിൽ)</th></tr>
<tr><td>2007-2008</td><td>13.17</td></tr>
<tr><td>2008-2009</td><td>16.64</td></tr>
<tr><td>2009-2010</td><td>25.29</td></tr>
<tr><td>2010-2011</td><td>55.93</td></tr>
<tr><td>2011-2012</td><td>121.22</td></tr>
<tr><td>2012-2013</td><td>83.06</td></tr>
<tr><td>2013-2014</td><td>73.19</td></tr>
<tr><td>2014-2015</td><td>70.73</td></tr>
<tr><td>2015-2016</td><td>58.37</td></tr>
<tr><td>2016-2017</td><td>57.61</td></tr>
<tr><td>2017-2018</td><td>62.43</td></tr>
<tr><td>ആകെ</td><td>637.64</td></tr>
</table>
</td>
</tr>
<tr>
<td>ഡി</td>
<td>വിതരണം ചെയ്ത വൃക്ഷത്തൈകൾ അതിജീവിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?</td>
<td>ഡി</td>
<td>വിതരണം നടത്തുന്ന തൈകളുടെ ഉത്പാദനവും വിതരണവുമാണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം ചെയ്തു വരുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ വഴി വിതരണം നടത്തുന്ന തൈകളുടെ അതിജീവന ശതമാനം ബന്ധപ്പെട്ട വകുപ്പുകൾ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ അ ടിസ്ഥന മാക്കി സ്കൂൾ തലത്തിലും, പഞ്ചായത്ത് തലത്തിലും വനം വകുപ്പ് ഉദ്യോഗസ്ഥരെകൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്ന കമ്മിറ്റികളാണ് പ രിശോധിച്ച് വരുന്നത്. വിതരണം ചെയ്യുന്ന തൈകൾ നട്ടുപരിപാലിക്കേണ്ട ചുമതല വൃക്ഷത്തൈകൾ വനം വകുപ്പിൽ നിന്നും സ്വീകരിക്കുന്ന വകുപ്പുകൾക്കും/സ്ഥാപനങ്ങൾക്കും/പ്രസ്ഥാനങ്ങൾക്കുമാണ്. സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന് നിലവിൽ ഇവയുടെ അതിജീവന ശതമാനം നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സംവിധാനങ്ങളില്ല. എന്നാൽ വഴിയോരത്തണൽ പദ്ധതി പ്രകാരം സോഷ്യൽ ഫോറസ്ട്രി വിഭാഗം നേരിട്ട് വച്ചു പിടിപ്പിക്കുന്ന വൃക്ഷത്തൈകളുടെ</td>
</tr>
</table>

| | | | |
|---|---|---|---|
| | | | അതിജീവനം സംബന്ധിച്ച പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഗണ്യമായ അതിജീവന ശതമാനം കണ്ടുവരുന്നുണ്ട്. കൂടാതെ 2016-17, 2017-18 വർഷങ്ങളിൽ ഹരിതകേരളം പദ്ധതിയിലൂടെ വിവിധ വകുപ്പുകൾക്കും, ഏജൻസികൾക്കും, സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും, വിദ്യാലയങ്ങൾക്കും വിതരണം ചെയ്ത വൃക്ഷത്തൈകളുടെ അതീജീവന ശതമാനം കണക്കാക്കുന്നതിന് തിരഞ്ഞെടുത്ത കോളേജുകളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി കണക്കെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ